ശ്രീ.പി.കെ.വേലായുധൻ: ഞാൻ നേരത്തേ സൂചിപ്പിച്ചു. സുൽത്താൻബത്തേരിയിൽ ഇലക്ട്രിസിറ്റി ബോർഡ് സ്ഥാപിച്ചിട്ടുള്ള സബ് സ്റ്റേഷനിൽ നിന്നും സപ്ലൈ പൂർണ്ണമായും കിട്ടാതെ അവിടെ കിടക്കുന്ന ബസ്സുകളും ഇലക്ട്രിസിറ്റി ഉപയോഗപ്പെടുത്തിക്കൊണ്ടു ചെയ്യേണ്ട റിപ്പയറും മെയിൻറനൻസും നടത്തുന്നതിന് ബുദ്ധിമുട്ടാണ്. അവിടെ കൂടുതൽ പവറോടുകൂടിയ സപ്ലൈ കിട്ടുന്ന മുറയ്ക്ക് റോഡ് ഓഫായ ബസ്സുകളും റിപ്പയർ ചെയ്ത് ഉപയോഗിക്കാൻ സാധിക്കും.

III. സബ്മിഷൻ

(1) പോപ്പുലർ വെഹിക്കിൾസിലെ ലോക്കൗട്ട്

ശ്രീ.കെ.ശങ്കരനാരായണപിള്ള: സർ, തിരുവനന്തപുരം നഗരത്തിൽ കിള്ളിപ്പാലത്തുള്ള പോപ്പുലർ വെഹിക്കിൾസ് മാസങ്ങളോളമായി അടഞ്ഞു കിടക്കുകയാണ്. തൊഴിലാളി സമരമുണ്ടായതുകൊണ്ടല്ല, സി.ഐ.ടി.യു. നേതൃത്വത്തിലുള്ള ഒരു തൊഴിലാളി യൂണിയൻ അവിടെ രൂപീകരിച്ചുവെന്നുള്ള കാരണത്താലാണ് ഏകപക്ഷീയമായി ആ നടപടി സ്വീകരിച്ചത്. തൊഴിൽ വകുപ്പ് ഉദ്യോഗസ്ഥൻമാർ കോൺഫറൻസിന് വിളിച്ചെങ്കിലും മാനേജ്മെൻറ് പ്രതിനിധികൾ വരുന്നില്ല. ഒരിക്കൽ മന്ത്രി ഇടപെട്ടെങ്കിലും തുടർന്ന് ജോയിൻറ് ലേബർ കമ്മീഷണർക്ക് പ്രശ്നം വിട്ടിരിക്കുകയാണ്. മുഖ്യമന്ത്രിയുടെ ഒത്താശയുണ്ടെന്നു പറഞ്ഞുകൊണ്ട് പോലീസുകാർ തൊഴിലാളികളെ അനാവശ്യമായി ദ്രോഹിക്കുകയും മാനേജ്മെൻറിന് അനുകൂലമായ നടപടികൾ സ്വീകരിക്കുകയും ചെയ്യുന്ന ഒരു ദുഃസ്ഥിതിയുണ്ട്. അവിടത്തെ തൊഴിലാളികളും അവരുടെ കുടുംബങ്ങളും ഇന്ന് പട്ടിണിയിലാണ്. അതുകൊണ്ട് ബഹുമാനപ്പെട്ട തൊഴിൽവകുപ്പു മന്ത്രി ഇടപെട്ട് അടിയന്തിരമായി പ്രശ്നപരിഹാരം കണ്ടെത്തി പോപ്പുലർ വെഹിക്കിൾസ് തുറന്നു പ്രവർത്തിപ്പിക്കാനുള്ള നടപടികൾ സ്വീകരിക്കണമെന്നഭ്യർത്ഥിക്കുകയാണ്.

തൊഴിൽ വകുപ്പുമന്ത്രി (ശ്രീ.കെ.ശിവദാസൻ): സർ, ഇങ്ങനെ ഒരു സമരം നടക്കുന്നുണ്ട്, അതിൻെറ പ്രശ്നം പരിഹരിക്കേണ്ടതുമാണ്. പക്ഷേ അതിന് ഗവൺമെൻറിൻെറ ഒത്താശ ഉണ്ടെന്നു പറയുന്നത് വസ്തുതകൾ ശരിക്ക് മനസ്സിലാക്കാത്തതുകൊണ്ടാണ്. വളരെ നിസ്സാരമായ കാര്യത്തിൻമേലുണ്ടായ ഒരു തർക്കമാണിത്. ഈ സ്ഥാപനത്തിലെ പ്രധാനപ്പെട്ട യൂണിയനുകളിലൊന്നായ ഹെഡ് ലോഡ് ആൻഡ് ജനറൽ വർക്കേഴ്സ് യൂണിയനിലെ ഏഴു തൊഴിലാളികൾ ലോറിയിൽ വന്ന സാധനസാമഗ്രികൾ ഇറക്കാൻ വിസമ്മതിക്കുകയും തുടർന്ന് 1–1–1986–ൽ അവരെ സസ്പെൻറു ചെയ്യുകയും അതേത്തുടർന്ന് ഈ തൊഴിൽസമരം ഉണ്ടാവുകയും അത് വ്യാപകമാവുകയും ചെയ്തതാണ്. അവിടെ നിലവിലിരുന്ന സ്ഥിതി അവിടത്തെ ജൂനിയർമോസ്റ്റായിട്ടുള്ള വർക്കേഴ്സ് ഇതു ചെയ്യണമെന്നുള്ളതാണ്. മാനേജ്മെൻറ് ഈ പ്രാക്ടീസ് ഏകപക്ഷീയമായി നിർത്തലാക്കിയതിനെത്തുടർന്നുണ്ടായ സംഘർഷമാണിത്. ഇനി നേരത്തേ ഉണ്ടായിരുന്ന സ്റ്റാറ്റസ്കോ മെയിൻറയിൻ ചെയ്താൽ മാത്രമേ മാനേജ്

LIBRARY ARCHIVES Kerala Legislative Assembly

മെൻറ് ഒരു ഒത്തുതീർപ്പിനു വരൂ എന്ന കടുംപിടിയിൽ അവരും അത് സാദ്ധ്യമല്ലായെന്ന് യൂണിയനും നിൽക്കുന്ന പരിതഃസ്ഥിതിയിൽ ഗവൺമെൻറ് ലവലിൽ ഒരു അനുരഞ്ജന ശ്രമത്തിൽ ഇതു തീർക്കാനുള്ള ശ്രമം തുടർന്നു വരുന്നു.

(2) പനമ്പിള്ളി–പുല്ലംകണ്ടം റോഡ്

ശ്രീ.രാഘവൻ പൊഴക്കടവിൽ: സർ, എൻെറ നിയോജകമണ്ഡലത്തിൽപ്പെട്ട മാടയ്ക്കത്തറ പഞ്ചായത്തിൽ ബഹുമാനപ്പെട്ട പനമ്പിള്ളി ഗോവിന്ദമേനോൻ മുഖ്യമന്ത്രി ആയിരുന്നകാലത്ത് പനമ്പിള്ളി–പുല്ലംകണ്ടം എന്നപേരിൽ ഒരു റോഡ് പ്രവർത്തനമാരംഭിക്കാൻ നിർദ്ദേശം നൽകുകയും അദ്ദേഹം അതിൻെറ ഉൽഘാടനം നടത്തുകയും ചെയ്തു. ആ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൽ, നടുത്തോടിൽ ഒരു പാലം പണിയുന്നതിനും അപ്രോച്ച് റോഡ് പണിയുന്നതിനും വേണ്ടി ബഡ്ജറ്റിൽ വക കൊള്ളിച്ചിരുന്നതാണ്. എന്നാൽ ഈ വർഷത്തെ ബഡ്ജറ്റിൽ ആ റോഡിൻെറ പേരുപോലും കാണുന്നില്ല. ചാലക്കുടിക്കടുത്ത് പനമ്പിള്ളി ഗോവിന്ദമേനോൻ എന്ന പേരിൽ ഒരു റോഡ് പണിതീർത്തതായി അറിയുന്നു. ഒരുപക്ഷേ പനമ്പിള്ളി–പുല്ലംകണ്ടം റോഡിനു പകരം ബഡ്ജറ്റിൽ നിർദ്ദേശം തെറ്റിദ്ധരിച്ച് പനമ്പിള്ളി ഗോവിന്ദമേനോൻ റോഡെന്നു കരുതി ചാലക്കുടിയിൽ റോഡു പണിയുകയും എൻെറ മണ്ഡലത്തിലെ പനമ്പിള്ളി–പുല്ലംകണ്ടം റോഡ് നീക്കം ചെയ്തിരിക്കുകയുമാണെന്നാണ് കരുതുന്നത്. അതു ശരിയാണെങ്കിൽ പനമ്പിള്ളി–പുല്ലംകണ്ടം റോഡിൻെറ സ്ഥിതിയെപ്പറ്റി അന്വേഷിക്കണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കുന്നു. മലയോര പ്രദേശങ്ങളായ കുന്നുകാട്, ചെട്ടിക്കാട്, കട്ടിളപുരം, പൂവംകണ്ടം എന്നീ പ്രദേശങ്ങളിലുള്ള ജനങ്ങൾക്കുണ്ടായിട്ടുള്ള ബുദ്ധിമുട്ട് കണക്കിലെടുത്തുകൊണ്ട് ബഡ്ജറ്റിൽ നിന്നു നീക്കം ചെയ്ത പനമ്പിള്ളി–പുല്ലംകണ്ടം റോഡ് ബഡ്ജറ്റിൽ ഉൾപ്പെടുത്തി വേണ്ട പണികൾ നടത്താനുള്ള നിർദ്ദേശം നൽകണമെന്ന് ഞാൻ ബഹുമാനപ്പെട്ട മന്ത്രിയോടഭ്യർത്ഥിക്കുകയാണ്.

ഉപമുഖ്യമന്ത്രി (ശ്രീ.കെ.അവുക്കാദർകുട്ടി നഹ): സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ അദ്ദേഹത്തിൻെറ മണ്ഡലത്തിലെ പനമ്പള്ളി–പുല്ലംകണ്ടം റോഡ് വേറെ റോഡായി മാറിയതിനെപ്പറ്റി ഗവൺമെൻറിന് അറിയില്ല. ഇപ്പറഞ്ഞ റോഡ് ഏതായാലും ഇന്ന് പഞ്ചായത്ത് റോഡാണ്. അത് ഗവൺമെൻറ് ഏറെടുത്തിട്ടില്ല. ഇക്കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല, കഴിഞ്ഞ കൊല്ലത്തെ ബഡ്ജറ്റിലും ഇല്ല. അതുകൊണ്ട് ആദ്യമായി ആ റോഡ് ഗവൺമെൻറ് ഏറെടുക്കണമെന്നുള്ള നിർദ്ദേശമാണ് ഉന്നയിക്കേണ്ടത്. അങ്ങനെ ഗവൺമെൻറ് ഏറെടുത്തതിനുശേഷം പാലത്തിൻെറയും മറ്റും കാര്യങ്ങളെക്കുറിച്ച് ആലോചിക്കാമെന്നു മാത്രമേ പറയാനുള്ളൂ.

(3) ''എംപ്ലോയ്മെൻറ് ന്യൂസിൻെറ'' കോപ്പികൾ

ശ്രീ.കാനം രാജേന്ദ്രൻ: സർ, കേന്ദ്ര വാർത്താ പ്രക്ഷേപണ മന്ത്രാലയത്തിൻെറ പ്രസിദ്ധീകരണമായ 'എംപ്ലോയ്മെൻറ് ന്യൂസ്' കേരളത്തിൽ മുടങ്ങാതെ ലഭിക്കുന്നില്ല. എയർ സർച്ചാർജ്ജടക്കം ഒരു രൂപ ഇരുപതു പൈസ വിലയ്ക്ക് ലഭിക്കുന്ന ഈ പ്രസിദ്ധീകരണം

LIBRARY ARCHIVES Kerala Legislative Assembly